Nurturing Humanity

ഉള്ളുലയ്ക്കുന്ന ചിന്തകൾ

അധ്യാപനത്തിന്റെ ആസ്വാദനം കെടുത്തുന്ന
സ്കൂളിലെ മറ്റു ജോലിഭാരങ്ങൾ
തലക്കു മുകളിൽ തൂങ്ങിയാടുന്ന
അവകാശ നിയമങ്ങളുടെ ഈർച്ച വാളുകൾ
അറ്റമില്ലാത്ത അച്ചടക്ക പ്രശ്നങ്ങൾ
നവ മാധ്യങ്ങൾ കടിഞ്ഞാണിട്ട
പ്രവചിക്കാനാവാത്ത ബാലമനസ്സുകൾ
എല്ലുമുറിയെ പണിയെടുത്താലും
തീരാത്ത വിമർശനങ്ങൾ
വളരുന്ന സാങ്കേതികവിദ്യയുടെ
മാറ്റങ്ങളോടൊപ്പം കിതച്ചോടുകയാണ് നാം...

തിരിച്ചു പിടിക്കാനാകുമോ ?

നഖം വെട്ടിയോ ?
കുളിച്ചിട്ടുണ്ടോ?
രാവിലെ കഴിച്ചതെന്താ ? ....
അധ്യാപകരിൽ നിന്ന് കേട്ടിരുന്ന
ചോദ്യങ്ങളായിരുന്നു ഇതെല്ലാം.
ഇന്ന്
യൂണിഫോം ധരിക്കാത്തത് എന്ത്
എന്ന് ചോദിക്കാനുള്ള സ്വാതന്ത്ര്യം പോലും
അധ്യാപകന് നഷ്ടപ്പെട്ടു,
കലാലയങ്ങളിൽ അടിച്ചു വീശുന്ന അരാജകത്വത്തിന്റെ
കൊടുങ്കാറ്റിനെ മതിലുകെട്ടി തടഞ്ഞു നിർത്താനുള്ള
കരുത്ത് എവിടെയോ ചോർന്നുപോയി.
ട്രെൻഡിനൊപ്പം കൂടണോ?
കൂടെ ആടണോ?
ധൈര്യമായി വേണ്ടെന്നു പറയണോ?
ഒന്നുമറിയാതെ ആശയക്കുഴപ്പത്തിലാണ്.
തിരുത്തലിന്റെയും ഗുണപാഠങ്ങളുടെയും
കാലം അവസാനിച്ചോ ?

ക്ലാസ് മുറിയിലെ യുദ്ധം

വാനിലൂടെ പറക്കുന്ന പറവക്കൂട്ടം പോലെ കുട്ടികളോടൊപ്പം
വിദ്യയുടെ വിഹായസ്സിലേക്ക് ഒന്നിച്ചു പറക്കുന്നതായിരുന്നു
ഉള്ളിൽ കൊണ്ടുനടന്ന മോഹം.
പഠിച്ച എല്ലാ അഭ്യാസങ്ങളും പുറത്തെടുത്തിട്ടും
യുദ്ധക്കളത്തിൽ പരാജിതനായ
സേനാധിപനെ പോലെ നിരായുധനായി നിൽക്കേണ്ടി
വരികയാണ് ചിലർക്കെങ്കിലും.
വിദ്യാർഥികളെ ചിറകുകൾക്കിടയിൽ
ചേർത്തുനിർത്താനാകാത്തതിന്റെ പരിഭവം ഉള്ളിലുണ്ടോ?

കുടുംബമെന്ന ക്യാൻവാസിലെ വർണ ചിത്രങ്ങൾ

വിദ്യാലയത്തിന്റെ ചുറ്റുമതിലുകൾക്കപ്പുറത്ത് ഏതൊരു
അധ്യാപകനും ഒരു സാധാരണ മനുഷ്യനാണ്.
വീടകങ്ങളിൽ ഇണയും കൂടെ കുഞ്ഞുങ്ങളുമുള്ള
പച്ചയായ മനുഷ്യൻ.
കുടുംബമെന്ന ക്യാൻവാസിൽ നറുമണമുള്ള പൂക്കളും
നൂറു നിറമുള്ള ശലഭങ്ങളും വരച്ചുതീർക്കാനാണ് പാടുപെടുന്നത്.
പക്ഷേ,
പലപ്പോഴും ബഹളമയമാണ് അന്തരീക്ഷം.
മക്കൾക്ക് വഴി കാണിക്കുന്നതിൽ പിഴവു പറ്റിയോ?
ഇണയെ ചേർത്തുപിടിക്കുന്നതിൽ പരാജിതനായോ ?

പൂവണിയാത്ത സ്വപ്നങ്ങൾ

ജോലി കിട്ടിയ നാൾ മുതൽ വരുമാനം
കൂട്ടിയും കിഴിച്ചും രാവും പകലും കഴിഞ്ഞു പോവുകയാണ്.
നെയ്തു തീരാത്ത സ്വപ്നങ്ങൾ പൂവണിയിക്കാൻ
ലോണെടുത്ത് ജീവിക്കാൻ തന്നെ മറന്നു പോയി.
ജീവിതത്തിലെ പ്രയോറിറ്റി ഏതെന്ന്
മനസ്സിലാക്കാൻ കഴിയുന്നില്ല പലർക്കും.
സാമ്പത്തിക തട്ടിപ്പുകളിൽ വഞ്ചിതരായി പണവും
മാനവും നഷ്ടപ്പെട്ടവർ.
സാമ്പത്തികം കൈകാര്യം ചെയ്യുന്നതിൽ എത്ര കണ്ടു
വിജയിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് ?

സ്വകാര്യതയിലെ ഞാൻ

ഉള്ളിന്റെ ഉള്ളിലെ ഞാനെന്ന
വ്യക്തിത്വം മറ്റൊന്നാണ് പലർക്കും.
സ്വകാര്യതയിലെ ദുർഗന്ധം
വ്യക്തിജീവിതത്തെ തന്നെ ബാധിക്കുന്നു.
അടുത്തവരോടുള്ള പെരുമാറ്റവും
ക്ലാസ് മുറികളിലെ പെർഫോമൻസും
എത്ര ശ്രമിച്ചിട്ടും ശരിപ്പെടുത്തിയെടുക്കാൻ
കഴിയാത്തതിന്റെ കാരണം ഉള്ളിലെ
കുറ്റബോധം ആയിരിക്കാം,
പുറത്തെ ഞാൻ തന്നെയാണ് എന്റെ ഉള്ളിലും എന്ന്
ഉറച്ചു പറയാൻ കഴിയുമോ ?

അദ്ധ്യാപകരുടെ ആത്മഹത്യ

പ്രതിസന്ധികളുടെ അലകടലിനു മുന്നിൽ
അന്ധാളിച്ചു നിൽക്കുവാനോ, ആത്മഹത്യയിൽ അഭയം തേടുവനോ അല്ല.
മറിച്ച് വ്യക്തമായ കാഴ്ച്ചപ്പാടുകളും ധീരമായ
നിലപാടുകൾ കൊണ്ടും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള
ഉൾക്കാഴ്ച്ച നേടുകയാണ് വേണ്ടത്.
വരും തലമുറയുടെ ഉള്ളിൽ പ്രതീക്ഷകളുടെ
വിത്തു വിതക്കേണ്ട അധ്യാപകൻ സമ്മർദങ്ങൾക്കു നടുവിൽ അന്തിച്ചു
നിൽക്കേണ്ടവനല്ല, വ്യക്തതയുള്ള കാഴ്ചപ്പാടുകൾ കൊണ്ടും,
ധീരമായ നിലപാടുകൾ കൊണ്ടും
പ്രതിസന്ധികളുടെ പരിമിതികളെ മറികടന്നു മുന്നോട്ട്
ഗമിക്കാൻ നമുക്ക് കഴിയും.
അതെങ്ങനെ സാധ്യമാകും?
എവിടെ നിന്നു തുടങ്ങും?
ആര് വഴികാട്ടും ?
വരൂ...
നമുക്കൊന്നിച്ചിരുന്ന് ചിന്തിക്കാം, കേൾക്കാം, പറയാം
ഒരു ക്ലസ്റ്ററിലും കോഴ്സിലും കിട്ടാത്ത
വേറിട്ട ഒരൊത്തുകൂടലിന് സാക്ഷികളാകാം
2025 നവംബർ 16, ഞായറാഴ്ച പട്ടാമ്പി, ആമയൂർ ഒ.പി.എച്ച്. കൺവെൻഷൻ സെന്ററിൽ.

Nurturing Humanity

KERALA TEACHERS CONFERENCE

FOR REGISTRATION

2025 NOVEMBER 16 SUNDAY 9.00 AM

PATTAMBI
OPH CONVENTION CENTRE

peaceradio Tune to reality
zameel the soulmate
DIALOGUE TV

9061 266 266 wisdomyouth

Wisdom Islamic Youth Organisation
CV Complex, PV Swami Road, Calicut-2